20020
13/12/16

ഭരണഭാഷ -മാതൃഭാഷ

**കേരളസർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്**

നമ്പർ.930480 ഔഭാ3/2016/ഉഭപവ.

തിരുവനന്തപുരം,
തീയതി, 05.12.2016

## സർക്കുലർ

വിഷയം:-ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്- സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾ, സെക്രട്ടറിയേറ്റിതര വകുപ്പുകൾ, പൊതുമേഖല, അർദ്ധ സർക്കാർ, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ മലയാളത്തിലാണെന്ന് അതാതിടങ്ങളിലെ സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ - ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച്.

സൂചന :-1. 4.2.2006-ലെ സ.ഉ.(സാധാ) നം.21/2006/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ്.
2. 9.5.2012-ലെ സ.ഉ.(സാധാ) നം.186/2012/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ്.
3. 13.1.2015-ലെ സ.ഉ.(അച്ചടി) നം.2/2015/ഉഭപവ. നമ്പർ സർക്കാർ വിജ്ഞാപനം.
4. 16.07.2003-ലെ സ.ഉ.(കൈ) നം.19/2003/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ്.
5. 07.05.2014-ലെ 8521/ഔഭാ3/14/ഉഭപവ നമ്പർ സർക്കുലർ.
6. 09.06.2015-ലെ 8125/ഔഭാ3/15/ഉഭപവ. നമ്പർ സർക്കുലർ.
7. 13.11.2015-ലെ 20540/ഔഭാ3/15/ഉഭപവ. നമ്പർ സർക്കുലർ.
8. 28.07.2016-ലെ 3641/ഔഭാ3/16/ഉഭപവ. നമ്പർ സർക്കുലർ.
9. സംസ്ഥാനതല ഔദ്യോഗികഭാഷാ സമിതിയുടെ 24.09.2016-ലെ യോഗത്തിലെ തീരുമാനം.

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം. ആയതിലേക്ക്, സർക്കാർ നിരവധി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. എന്നാൽ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഗൗരവപൂർണ്ണമായ സമീപനമല്ല ഉണ്ടാകുന്നതെന്ന് 24.09.2016-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽക്കൂടിയ സംസ്ഥാനതല ഔദ്യോഗികഭാഷാസമിതി യോഗത്തിൽ വിലയിരുത്തുകയുണ്ടായി. ഭാഷാമാറ്റപുരോഗതി പൂർണ്ണമാക്കുന്നതിലേക്കായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും, നിർദ്ദേശങ്ങളും കർശനമായി നടപ്പാക്കേണ്ടതാണെന്നും സെക്രട്ടേറിയറ്റ്/ സെക്രട്ടേറിയറ്റിതര വകുപ്പുകൾ/പൊതുമേഖല/ അർദ്ധസർക്കാർ/ സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിൽനിന്ന്, താഴെത്തട്ട് മുതൽ കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളും, ഇ-ഓഫീസ് മുഖാന്തരമുള്ള ഫയലുകളും മലയാളത്തിൽത്തന്നെയാണെന്ന്

അതാതിടങ്ങളിലെ സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാരും, അണ്ടർ സെക്രട്ടറി/അസിസ്റ്റന്റ് ഡയറക്ടർ തുടങ്ങിയ ഓഫീസർമാരും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഇത് അടിയന്തര പ്രാധാന്യത്തോടെ അതാതിടങ്ങളിലെ ചുമതലയുള്ള ഉദ്യോഗസ്ഥർ കർശനമായും പാലിക്കേണ്ടതാണ്.

വകുപ്പുകളുടെ ഇംഗ്ലീഷിലുള്ള കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ എന്നിവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തേണ്ടതാണെന്ന് സൂചന (4),(5), (6), (8) പ്രകാരം നിരവധി നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതത് വകുപ്പുകളിൽ രൂപീകരിച്ച പരിഭാഷ സെല്ലിൽ അവ പരിഭാഷപ്പെടുത്തി ഭരണവകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് ശേഷം അന്തിമ സൂക്ഷ്മ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ഔദ്യോഗികഭാഷാ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. ഭരണമാധ്യമം മാതൃഭാഷയായ മലയാളത്തിൽത്തന്നെയാണെന്ന് അതതു വകുപ്പദ്ധ്യക്ഷന്മാരും ഓഫീസ് മേലധികാരികളും ഉറപ്പുവരുത്തേണ്ടതാണെന്ന സൂചന (8)ലെ നിർദ്ദേശത്തിന്മേൽ ഭരണവകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും അടിയന്തര നടപടി സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് ഔദ്യോഗികഭാഷാ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖല/അർദ്ധ സർക്കാർ/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ, മറ്റു കത്തിടപാടുകൾ എന്നിവ മലയാളത്തിൽ മാത്രമായിരിക്കണമെന്ന സൂചന (7)ലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്

ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
 സ്പെഷ്യൽ സെക്രട്ടറി
സെക്രട്ടേറിയറ്റിലെ എല്ലാ അണ്ടർ സെക്രട്ടറിമാർക്കും സെക്ഷൻ ഓഫീസർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം/നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധ സർക്കാർ/
 സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
വെബ് & മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ